# കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മിനി. എം. കെ. യ്ക്ക് സീനിയോറിറ്റി അനുവദിച്ച് ഉത്തരവ് നൽകുന്നത് സംബന്ധിച്ച്.

പരാമർശം :- 1. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ5-2277/2022/, തീയതി. 05.02.2022 കത്ത്

2. ഉത്തരവ് നമ്പർ. എ5-10091/97/ജി.മെ.ഒ(ആ), കൊല്ലം, തീയതി. 21.02.1998

3. ഉത്തരവ് നമ്പർ. ഇ. എസ് 5-29955/2011/ആ.വ.ഡ, തീയതി. 07.05.2012

4. 29.04.2022 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം. ഇ.എസ്5/29955/2011/ആ.വ.ഡ/തീയതി : 13 /06/2022

ആരോഗ്യ വകുപ്പിൽ 01.01.1997 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്– 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശാസ്താംകോട്ട താലൂക്കാശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. മിനി. എം. കെ, കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. മിനി. എം. കെ. യുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൻ പ്രകാരം ടിയാൾ 22.06.1998 തീയതിയിൽ അന്തർജില്ലാസ്ഥലംമാറ്റം നേടിയിട്ടുണ്ട്. അന്തർജില്ലാ സ്ഥലംമാറ്റം നേടിയ തീയതി കണക്കാക്കി ടിയാളെ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 124 D എന്ന സ്ഥാനം താൽക്കാലികമായി നൽകാൻ തീരുമാനിച്ച് പരാമർശം (4) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

മേൽ സൂചിപ്പിച്ച പ്രകാരം ശ്രീമതി. മിനി. എം. കെ. യ്ക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സമയം നൽകിയിരുന്നെങ്കിലും ഈ നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല.

ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മിനി. എം. കെ. യ്ക്ക് മേൽ പരാമർശം (3) പ്രകാരമുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിൽ 124 D എന്ന സ്ഥാനം അനുവദിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (3) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

01.01.1997 മുതൽ 31.12201.0 വരെയുള്ള കാലയളവിലെ Lab Technician Gr.II സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മിനി. എം. കെ . യെ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന സീനിയോരിറ്റി പട്ടിക
(ഉത്തരവ് നമ്പർ. ഇ. എസ്5-29955/2011/ആ.വ.ഡ, തീയതി. 07.05.2012)

| Sl. No | Name PEN No | Date of Birth | Qualification | PSC Advice Order No & Date | Date of entry in Service | Date assigning seniority | Rank No. in Seniority list of Lab Tech Gr. II (01.01.1997 to 31.12.2010) | Remarks |
|---|---|---|---|---|---|---|---|---|
| 1 | Mini. M. K, 833332 | 31.05.1968 | PDC, MLT | K1(II) 1957/88/KPSC,KTYM, Dt: 17.02.1995 | 20.04.1995 | 22.06.1998 | 124 (D) | IDT from Kottayam to Kollam on 22.06.1998, LWA for 10 yrs, G.O(Rt) No. 669/08/H & FWD Dt 21.02.2008 |

(ഒപ്പ്)
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്

1. സൂപ്രണ്ട്, താലൂക്കാശുപത്രി, ശാസ്താംകോട്ട, കൊല്ലം
2. ശ്രീമതി. മിനി. എം. കെ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2, താലൂക്കാശുപത്രി, ശാസ്താംകോട്ട
3. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്